No.10/2018/SRG/LSGD(9)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.10.2018 -ൽ കൂടിയ യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ചകഴിഞ്ഞ് 2.30 മണിക്ക് സെക്രട്ടറിയേറ്റിലെ സൗത്ത് കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

31.10.2018 വരെയുള്ള ആകെ പദ്ധതി ചെലവ് 35.9 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 37.70ശതമാനം വരും. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് കണ്ണൂർ ജില്ലയിലും (40.22ശതമാനം) ഏറ്റവും കുറവ് എറണാകുളം ജില്ലയിലുമാണ് (31.66 ശതമാനം).147.25കോടി രൂപയുടെ ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 36.59ശതമാനം |
| ബ്ലോക്ക് പഞ്ചായത്ത് | 41.61 ” |
| ജില്ലാ പഞ്ചായത്ത് | 38.35 ” |
| മുനിസിപ്പാലിറ്റി | 33.31 ” |
| കോർപ്പറേഷൻ | 24.17 ” |
| ആകെ | 35.9 ശതമാനം |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | |
|---|---|---|
| 1 | കണ്ണൂർ | 40.22 ശതമാനം |
| 2 | പാലക്കാട് | 38.56 ” |
| 3 | പത്തനംതിട്ട | 38.34 ” |
| 4 | കോഴിക്കോട് | 37.17 ” |
| 5 | കാസർഗോഡ് | 36.73 ” |
| 6 | വയനാട് | 36.72 ” |
| 7 | കൊല്ലം | 36.48 ” |

| | | |
|---|---|---|
| 8 | തിരുവനന്തപുരം | 37.09ശതമാനം |
| 9 | കോട്ടയം | 35.68 ” |
| 10 | മലപ്പുറം | 34.85 ” |
| 12 | തൃശ്ശൂർ | 34.06 ” |
| 11 | ആലപ്പുഴ | 33.96 ” |
| 13 | ഇടുക്കി | 33.76 ” |
| 14 | എറണാകുളം | 31.66 ” |

പൊതു വിഭാഗം, SCSP,TSPയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | SCSP | TSP |
|---|---|---|
| 42.83% | 29.14% | 27.56% |
| | | |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 05.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 4.33**

**കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ കളക്ടറുടെ 01.09.2018-ലെ 58704/2018/DPC/KKD നമ്പർ കത്ത് പ്രകാരം താഴെപ്പറയുന്നവ കോഓർഡനേഷൻ കമ്മറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.**

**ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 13.08.2018, 21.08.2018 എന്നീ തീയതികളിലെ 6-3235/18-ാം നമ്പർ കത്തുകളും**

(i) കുട്ടികളിലെ പഠന പെരുമാറ്റ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ചികിത്സ നൽകുന്ന (പ്രോ.നം.135/19, സ്പന്ദനം അടങ്കൽ 70.00 ലക്ഷം രൂപ) പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2013-14 മുതൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന തുടർ പദ്ധതിയായതിനാൽ ഈവർഷത്തേക്ക് മാത്രമായി കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.2018-ലെ യോഗത്തിൽ അനുമതി നൽകി എങ്കിലും പ്രോജക്ടിന്റെ ഇതുവരെയുള്ള നടത്തിപ്പ് സംബന്ധിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് നിർബന്ധമായും നൽകണം.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ബി ) വകുപ്പ്**
**നടപടി- എക്സിക്യൂട്ടീവ് ഡയറക്ടർ,**
**കേരളസോഷ്യൽ സെക്യൂരിറ്റി മിഷൻ**

**ഖണ്ഡിക4.40**

**തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2018-ലെ 1257/2018/RO1/DPM(3) -ാം നമ്പർ കത്തും തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2018-ലെ കത്തും (SRG/653/18)**

2017-18-ൽ അനുപൂരക പോഷകഹാര പരിപാടി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകയിൽ നാട്ടിക, വാടാനപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകൾ യഥാക്രമം 2,50,000/- രൂപ 14,62,250/- രൂപ വീതം ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് സ്പെഷ്യൽ TSP ചെക്കു മുഖേന തിരികെയടച്ചു. ഈ തുക ലൈഫ് പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച ഫയൽ

രണ്ടാമതും  ധനവകുപ്പിന് നൽകിയിട്ടുണ്ട്. ഇതിന്മേലുള്ള ധനവകുപ്പിന്റെ തീരുമാനം അറിയിക്കണം.

നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്

2) ധനവകുപ്പ്

## 2.2 27.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

ഖണ്ഡിക 3.8

27.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ (ഖണ്ഡിക 3.8) പരമാവധി വെള്ളക്കെട്ട് വരാൻ സാധ്യതയുള്ളതിനും മുകളിലുള്ള നിരപ്പിൽ ടോയ് ലറ്റ് (ക്ലോസറ്റ് സഹിതം) നിർമ്മിക്കുന്നത് സംബന്ധിച്ച ആശയം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അവതരിപ്പിച്ചിരുന്നു. കേന്ദ്ര സർക്കാർ വിഹിതം, ശുചിത്വ മിഷൻ വിഹിതം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം എന്നിവ സംയോജിപ്പിച്ച് ഇത്തരം കക്കൂസ് കുട്ടനാട്, മൺട്രോതുരുത്ത്, പൊന്നാനി എന്നിവിടങ്ങളിലെ വെള്ളക്കെട്ടു പ്രദേശങ്ങളിൽ നിർമ്മിക്കുന്നതിന്റെ സാധ്യത പരിശോധിക്കാനും വിവധ സ്രോതസ്സുകളിൽ നിന്ന് ലഭ്യമാക്കാവുന്ന ഫണ്ടു സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ടും നൽകാൻ ആവശ്യപ്പെട്ടതനുസരിച്ച് വിശദാംശങ്ങൾ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അവതരിപ്പിച്ചു.

റിപ്പോർട്ട് പ്രകാരം ഇത്തരം ശൗചാലയത്തിന് 68,500/- രൂപ മുതൽ 90,000/- രൂപവരെ ചെലവാകും. കുട്ടനാട് മേഖലയിൽ മാത്രം 3607 ശൗചാലയങ്ങൾ പുനർ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇതിനായി ഏകദേശം 24.71 കോടി രൂപ ആവശ്യമായി വരും ഒരു യൂണിറ്റിന്റെ ചെലവ് 40:20:20:20 എന്ന അനുപാതത്തിൽ ശുചിത്വ മിഷൻ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിങ്ങനെ വഹിക്കുന്ന രീതിയാണ് ലക്ഷ്യമിടുന്നത്. യൂണിറ്റ് നിരക്ക് കുറയ്ക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണെന്ന് ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് തുടർ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ

ഖണ്ഡിക4.2

**കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

**കാസറഗോഡ് ജില്ലാ കളക്ടറുടെ 05.09.2018-ലെ 475/2018/DPC/DPO/KSD / നമ്പർ കത്തും കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.09.2018-ലെ D2-1662/18 -ാം നമ്പർ കത്തും**

ജില്ലാ പഞ്ചായത്ത് 2018-19-ൽ ''കോഴികുഞ്ഞുങ്ങളുടെ ജില്ലാതല ഹാച്ചറി'' എന്ന പ്രോജക്ട് (പ്രോ.നം. 13/19, അടങ്കൽ 75.00 ലക്ഷം രൂപ) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും വെറ്റിംഗ് ഓഫീസറും സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയും അംഗീകരിച്ചില്ല. ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച്

വിശദാംശങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നൽകണം.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

**ഖണ്ഡിക 4.4**

**സിദ്ധ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ സെക്രട്ടറിയുടെ കത്ത് (ലഭിച്ചത് 07.09.2018)**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സിദ്ധ ഡിസ്പെൻസറികളിലേയ്ക്കാവശ്യമുള്ള മരുന്നുകൾ ഔഷധി വഴി IMPCOPS (Indian Medical Practitioners Co-operative Pharmacy and Stores) യിൽ നിന്നാണ് വാങ്ങുന്നത്. IMPCOPS - സർക്കാർ സ്ഥാപനങ്ങൾക്ക് നൽകുന്ന 25% കിഴിവ് ഡിസ്പെൻസറികൾക്ക് നൽകാതെ ഔഷധിയാണ് കൈപ്പറ്റുന്നതെന്ന് അറിയിച്ചിരിക്കുന്നു. അതിനാൽ IMPCOS ൽ നിന്ന് മരുന്ന് നേരിട്ട് വാങ്ങാൻ അനുമതി സംബന്ധിച്ച് ആയുഷ് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം തീരുമാനമെടുത്തു.

**തീരുമാനം:-** IMCOPS നൽകുന്ന 25 % കിഴിവ് അതത് തദ്ദേശഭരണ സ്ഥാപനത്തിന് നൽകണമെന്ന് ഔഷധിയോട് ആവശ്യപ്പെടണം. ഈ ഡിസ്കൗണ്ട് ഔഷധി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നില്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് IMCOPS-ൽ നിന്ന് മരുന്ന് നേരിട്ടു വാങ്ങാൻ അനുമതി നൽകുന്നു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**ഖണ്ഡിക4.10**

**മലപ്പുറം ജില്ലാ പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2018-ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 14.09.2018-ലെ P3-436/13-ാം നമ്പർ കത്തും.**

| പ്രോ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|
| 1) 1013/19 | വൃക്ക മാറ്റി വച്ച രോഗികൾക്ക് മരുന്ന് വാങ്ങി നൽകൽ | 1.00 കോടി രൂപ |
| 2) 1071/19 | വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള ഉപകരണങ്ങളും മരുന്നും വാങ്ങി നൽകൽ | 50.00 ലക്ഷം രൂപ |

വൃക്ക രോഗികൾക്ക് സഹായം വിതരണം ചെയ്യുന്ന പദ്ധതി 2006-07 മുതൽ നടപ്പാക്കുന്നുണ്ട്. ചാരിറ്റബിൾ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. മരുന്നു വാങ്ങി ഈ സൊസൈറ്റിക്കു നൽകുകയും സൊസൈറ്റി ഇത് പാലിയേറ്റീവ് സൊസൈറ്റികൾ വഴി രോഗികൾക്ക് നൽകുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. മുൻ വർഷങ്ങളിൽ ഈ രീതിയിൽ പ്രോജക്ട് നടപ്പാക്കിയതിന്മേൽ ഓഡിറ്റ് പരാമർശമുള്ളതിനാൽ ഈ വർഷം പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. 2014-15- ലെ ഓഡിറ്റിലും 01.04.2017 മുതൽ

31.12.2017 വരെ നടന്ന ഓഡിറ്റിലും ഈ പ്രോജക്ടിന്മേൽ കുറിപ്പെഴുതി ചെലവ് തടസ്സപ്പെടുത്തിയിട്ടുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രോജക്ടിന്റെ നടത്തിപ്പ സംബന്ധിച്ച് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ ചേർന്ന് വിശദമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും 5 ദിവസത്തിനകം റിപ്പോർട്ട് നൽകാമെന്നും സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അറിയിച്ചു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

**നടപടി- 1) തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്**
**2) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ**
**3) സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ**
**4) എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ**

**ഖണ്ഡിക 4.17**

**വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2018-ലെ കത്തും വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.07.2018-ലെ A3-5827/18-ാം നമ്പർ കത്തും.**

പ്രോ.നം 126/19, അടങ്കൽ 7,54,600/-
പ്രോജക്ടിന്റെ പേര്:- ഉപയോഗയോഗ്യമല്ലാത്ത കക്കൂസുകൾക്ക് പകരം പുതിയ കക്കൂസ്.

2017-18 വർഷം ഉപയോഗയോഗ്യമല്ലാത്ത കക്കൂസുകൾക്കു പകരം പുതിയ കക്കൂസ് നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഈ വർഷം ഇത് സ്പിൽ ഓവറായി തുടരുന്നുണ്ട്.

**തീരുമാനം:-** ഇത് പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകാവുന്നതാണെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് പ്രത്യേക അനുമതി നൽകുന്നു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**

**ഖണ്ഡിക 4.30**

**ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 19.07.2018, 16.08.2018 എന്നീ തീയതികളിലെ 3/CKCL/2017-ാം നമ്പർ കത്തുകൾ ( LSGD- DC1/380/2018/LSGD)**

റിസോഴ്സ് റിക്കവറി ഫെസിലിറ്റിയുടെ (RRF) പ്രവർത്തന പരിപാലനത്തിന് ക്ലീൻ കേരള കമ്പനിക്ക് പ്രതിവർഷം ഉണ്ടാകുന്ന അധിക ചെലവ് നികത്തുന്നതിന്റെ ഭാഗമായി ആദ്യത്തെ ഒരു വർഷം (2018-19-ൽ) തദ്ദേശഭരണ സ്ഥാപനങ്ങൾ

2,06,000/- രൂപ വയബിലിറ്റിഗ്യാപ് ഫണ്ട് ആയി ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിന് 08.02.2018-ലെ ഉത്തരവ് പ്രകാരം തീരുമാനമായിരുന്നു. അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കമ്പനിക്ക് നഷ്ടമുണ്ടാകുന്നതിനാൽ താഴെപ്പറയുന്നവ കൂടി അനുവദിച്ചു നൽകണമെന്നതു സംബന്ധിച്ച്

i) തദ്ദേശഭരണ സ്ഥാപനങ്ങൾ MCF കളിൽ നിന്നും തരം തിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവ മാലിന്യങ്ങൾ ശേഖരിച്ച് RRF ലേയ്ക്ക് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് കമ്പനി വ്യവസ്ഥകൾ (ട്രാൻസ് പോർട്ടേഷൻ, കയറ്റിയിറിക്ക് കൂലി, മറ്റുള്ളവയ്ക്കായി ഉണ്ടാകുന്ന ചെലവ്, മെറ്റീരിയൽ ഫസിലിറ്റിയിൽ മാലിന്യം സൂക്ഷിക്കേണ്ടവിധം ബ്ലോക്ക്തല RRFകളുടെ പ്രവർത്തനം മുതലായവ) ഉൾക്കൊള്ളിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കരാറിൽ ഏർപ്പെടണമെന്നും ഈ ഇനത്തിലു ണ്ടാകുന്ന ചെലവുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്നുമുള്ള ആവശ്യം

ii) ക്ലീൻ കേരള കമ്പനി മുഖേന മെഷീനറികൾ സ്ഥാപിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ RRF ന്റെ പ്രവർത്തന പരിപാലനവുമായി ബന്ധപ്പെട്ട് ചെലവാകുന്ന തുക കരാർ വ്യവസ്ഥകൾക്കനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ പ്ലാൻ ഫണ്ടിൽ നിന്ന് ക്ലീൻ കേരള കമ്പനിക്ക് മുൻകൂറായി നൽകണമെന്ന ആവശ്യം

ഇതുവരെ സ്ഥാപിച്ച റിക്കവറി ഫെസിലിറ്റികളുടെ വരവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ, ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ, കരാറിൽ ഏർപ്പെടാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയടക്കമുള്ള വിശദാംശങ്ങൾ സഹിതം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കൂടി അഭിപ്രായത്തോടെ അടുത്ത കോ ഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് റിപ്പോർട്ട് നൽകാമെന്ന് ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ അറിയിച്ചതനുസരിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കാൻ മാറ്റി വച്ചു.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2)ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ**
**3)മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി**

## 2.3 16.10.2018 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.9**

അനുപൂരക പോഷകാഹാര പരിപാടിക്ക് കേന്ദ്ര വിഹിതമായി ലഭിച്ചതും മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറി നൽകിയതുമായ തുക പല തദ്ദേശഭരണ സ്ഥാപനങ്ങളുടേയും അക്കൗണ്ടിൽ ഉണ്ട്. ഇങ്ങനെ പണം അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ പേര്, തുക, (മുതലും പലിശയും പ്രത്യേകം) തുക ലഭിച്ച വർഷം എന്നീ വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുക യാണെന്നും അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പായി വിശദവിവരം നൽകാമെന്ന് ബന്ധപ്പെട്ട വകുപ്പു മേധാവികൾ അറിയിച്ചു. ഇക്കാര്യത്തിൽ ഇനി

കാലതാമസമുണ്ടാകാതെ  നിർബന്ധമായും അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിനു മുമ്പ്  നൽകേണ്ടതാണ്.

**നടപടി- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2)പഞ്ചായത്തു  ഡയറക്ടർ,**
**3)നഗരകാര്യ  ഡയറക്ടർ**
**4)ഗ്രാമവികസന കമ്മീഷണർ**

**ഖണ്ഡിക 3.10**

DDO കോഡ്  ഇനിയും ലഭിച്ചിട്ടില്ലാത്ത നിർവഹണ ഉദ്യോഗസ്ഥരായുള്ള 33 എഞ്ചിനീയർമാർ ഉണ്ടെന്ന്  തദ്ദേശസ്വയംഭരണ  വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു.  ഇവർക്ക് DDO കോഡ് അനുവദിച്ചു നൽകണമെന്ന്  ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ഇതിന്റെ തുടർ നടപടി  തദ്ദേശസ്വയംഭരണ  വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിക്കണം

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്**
**2)തദ്ദേശസ്വയംഭരണ വകുപ്പ്**
**ചീഫ് എഞ്ചിനീയർ**
**3)ധനവകുപ്പ്**

**ഖണ്ഡിക 3.11**

തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്ടുകൾ  തയ്യാറാക്കുമ്പോൾ മുഖ്യ നിർവ്വഹണ തദ്ദേശഭരണ സ്ഥാപനത്തിന്  മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഫണ്ട് കൈമാറുന്ന രീതി  മാറ്റി അലോട്ട്മെന്റ്  രീതി 03.07.2018 -ലെ 100/2018/ഫിൻ നമ്പർ ഉത്തരവ് പ്രകാരം  ധന വകുപ്പ് ഏർപ്പെടുത്തിയിരുന്നു.  പെട്ടെന്ന് ഈ ക്രമീകരണം വന്നതിലൂടെ  തദ്ദേശഭരണ സ്ഥാപനങ്ങളുടെ  അസൗകര്യം പരിഗണിച്ച്  30.09.2018-വരെ  പഴയ രീതി തുടരാൻ (ഫണ്ടു കൈമാറുന്ന രീതി) 16.08.2018-ലെ 132/2018/ഫിൻ നമ്പർ ഉത്തരവ് പ്രകാരം  ധന വകുപ്പ് അനുമതി നൽകിയിരുന്നു.  സാമ്പത്തിക വർഷത്തിന്റെ ഇടയ്ക്ക് ഇപ്രകാരം  ക്രമീകരണങ്ങൾ നടത്തുന്നത്  അസൗകര്യം ഉണ്ടാക്കും  എന്നതിനാൽ  പഴയ രീതി (ഫണ്ട് കൈമാറുന്ന രീതി) തുടരുന്നതിനുള്ള സമയപരിധി 31.03.2019 വരെയാക്കണമെന്ന  ആവശ്യം  ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകിയിരുന്നു.  ഇതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ്  തുടർ നടപടി സ്വീകരിക്കണം.

**നടപടി- 1)തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

**ഖണ്ഡിക 4.24**

**എടപ്പറ്റ  ഗ്രാമപഞ്ചായത്ത്**

**മലപ്പുറം  ജില്ലാ പ്ലാനിംഗ് ഓഫീസറുടെ  05.10.2018-ലെ കത്ത് (SRG 852/18 CC-160/18)**

പ്രോ.നം. 183/18   അടങ്കൽ 14,16,600/- രൂപ (CFC)

പേര്: – ഗ്രാമപഞ്ചായത്തിന് പുതിയ ഓഫീസ്  സജ്ജീകരണം

2017-18-ൽ ഗ്രാമപഞ്ചായത്ത് ഓഫീസ്  നവീകരണത്തിന്  ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണത്തിന്  പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു.  എഗ്രിമെന്റ് വയ്ക്കാതെയും  വർക്ക് ഓർഡർ നൽകാതെയും

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനെ (KADCO) ജോലി ഏൽപ്പിച്ചു. 70 ശതമാനം പ്രവർത്തി പൂർത്തിയായി. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** 1) അനുമതി നിരസിച്ചു.

2) നടപടിക്രമങ്ങൾ പാലിക്കാതെ KADCO യെ പ്രവൃത്തി എൽപ്പിച്ച നടപടി പരിശോധിച്ച് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ വകുപ്പിന് റിപ്പോർട്ട് നൽകണം

**നടപടി- 1)തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്**
**2)സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ**

## 3. പൊതു വിഷയങ്ങൾ

================

3.1 പൊതുവിഭാഗം പദ്ധതി ചെലവിനേക്കാൾ വളരെക്കുറവാണ് SCP, TSP പദ്ധതി ചെലവ്. SCP, TSP പ്രോജക്ടുകളുടെ നിർവഹണത്തിൽ ചെലവ് ശതമാനം കുറഞ്ഞതിന്റെ കാരണം, പദ്ധതി നിർവഹണത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്നിവയിന്മേൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിനു മുമ്പ് വകുപ്പ് മേധാവികൾ റിപ്പോർട്ട് നൽകണം.

**നടപടി- 1)തദ്ദേശസ്വയംഭരണ (എഫ്.എം ) വകുപ്പ്**
**2)ഡയറക്ടർ, എസ്.സി,എസ്.റ്റി വികസന വകുപ്പ്**
**3)പഞ്ചായത്ത് ഡയറക്ടർ**
**4)നഗരകാര്യ ഡയറക്ടർ**
**5)ഗ്രാമവികസന കമ്മീഷണർ**

3.2(i) തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19-ലെ പദ്ധതി നിർവഹണം ഗ്രാമപഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, എന്നിവർ പ്രത്യേകമായി അവലോകനം ചെയ്യണം. എല്ലാ ആഴ്ചയിലും പദ്ധതി പുരോഗതി പ്രത്യേകമായി വിലയിരുത്തണം. പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ഇതിന്മേൽ വകുപ്പുമേധാവികൾ സ്വീകരിച്ച നടപടികളും റിപ്പോർട്ടും അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

(ii) മുൻ വർഷത്തേതുപോലെ പ്രതിവാര എസ്.എം.എസ്. സംവിധാനം അടിയന്തിര മായി ആരംഭിക്കണം.

നിർമ്മാണ പ്രോജക്ടുകളിൽ ഇനിയും വെറ്റിംഗ്/ സാങ്കേതിക അനുമതി നടപടികൾ പൂർത്തിയാക്കാനുള്ളവ അടിയന്തിരമായി പൂർത്തിയാക്കണം.

(iii) എല്ലാ ജില്ലയിലും ജില്ലാ ആസൂത്രണസമിതിയുടെ ആഭിമുഖ്യത്തിലുള്ള ബ്ലോക്ക്/മുൻസിപ്പൽ തലത്തിലുള്ള അവലോകനം ഒക്ടോബർ 30-നകം പൂർത്തിയാ ക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും പല ജില്ലകളിലും ഇത് പൂർത്തിയായിട്ടില്ല എന്ന് യോഗം വിലയിരുത്തി. ഇത് അടിയന്തിരമായി പൂർത്തിയാക്കണം. അവലോ കനയോഗത്തിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ ചീഫ് നൽകണം.

**നടപടി- 1)തദ്ദേശസ്വയംഭരണ (എഫ്.എം ) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**
**3)നഗരകാര്യ ഡയറക്ടർ**

4) ഗ്രാമവികസന കമ്മീഷണർ
5) ചീഫ്. ഡി.പി. ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
6) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

3.3 അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയുടെ ജില്ല തിരിച്ച പദ്ധതി പുരോഗതി റിപ്പോർട്ട് ഐ.കെ.എം. നൽകണം. ഇതോടൊപ്പം ഓരോ ജില്ലകളിലേയും SCP, TSP യുടെ പദ്ധതി പുരോഗതിയും പ്രത്യേകം നൽകണം. ഓരോ മേഖലയുടേയും പദ്ധതി ചെലവ് കോഓർഡിനേഷൻ കമ്മിറ്റിയിൽ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ അവതരിപ്പിക്കണം. ഓരോ മേഖലയിലും വികസനഫണ്ട് (ജനറൽ, എസ്.സി.പി, റ്റി.എസ്.പി) ഉപയോഗിച്ച് എടുത്തിട്ടുള്ള ആകെ പ്രോജക്ടുകളും അതിന്റെ ചെലവും പ്രത്യേകം കാണിക്കണം. കൂടാതെ നിർവഹണ ഏജൻസി തിരിച്ചുള്ള ജില്ലാതല കണക്കുകൾ കൂടി എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം. നൽകണം. ഏറ്റവും പുറകിൽ നിൽക്കുന്ന നിർവഹണ ഏജൻസികളുടെ പ്രശ്നങ്ങൾ ജില്ലാ ആസൂത്രണസമിതികളിൽ പ്രത്യേകം അവലോകനം നടത്തി പ്രശ്ന പരിഹാരം കാണണം.

നടപടി- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

3.4 SCP/TSP യിലെ പൊതു പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും നൽകുന്നതിൽ കാലതാമസം വരുത്താൻ പാടില്ല. ഇതിന്മേൽ പട്ടികജാതി വികസന ഡയറക്ടറും പട്ടികവർഗ്ഗ വികസന ഡയറക്ടറും ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണം. എത്ര പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും, സോഷ്യൽ മാപ്പും ആവശ്യപ്പെട്ടു, നൽകിയത് എത്ര? തുടങ്ങിയ വിശദാംശങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പട്ടികജാതി വികസന ഡയറക്ടറും പട്ടികവർഗ്ഗ വികസന ഡയറക്ടറും നൽകണം..

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) പട്ടികജാതി വികസന ഡയറക്ടർ
3) പട്ടികവർഗ്ഗ വികസന ഡയറക്ടർ

3.5 2018-19-ലെ വാർഷിക പദ്ധതിയിൽ നിബന്ധനകൾക്ക് വിധേയമായി ഭേദഗതി വരുത്തി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കാനുള്ള അവസാന തീയതി 15.10.2018 ആയിരുന്നു. ഈ സമയത്തിനുശേഷവും 151 തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണസമിതിക്ക് നൽകിയിട്ടില്ല. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ ഭേദഗതി പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി ജില്ലാ ആസൂത്രണസമിതിക്ക് അടിയന്തിരമായി സമർപ്പിക്കണം. ഇതിനാവശ്യമായ തുടർ നടപടി വകുപ്പുമേധാവികൾ സ്വീകരിക്കണം. വാർഷിക പദ്ധതി അന്തിമമാക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തദ്ദേശഭരണ സ്ഥാപനം | വാർഷിക പദ്ധതി അന്തിമമാക്കാത്തവരുടെ എണ്ണം (15.10.2018-നകം സമർപ്പിക്കാത്തത്) |
|---|---|
| (i) ഗ്രാമപഞ്ചായത്ത് | 120 |
| (ii) ബ്ലോക്ക് പഞ്ചായത്ത് | 13 |
| (iii) ജില്ലാ പഞ്ചായത്ത് | 2 |
| (iv) നഗരസഭ | 16 |

ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ വിശദാംശങ്ങൾ സഹിതം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് മുഖേന ആവശ്യപ്പെടുന്ന മുറയ്ക്ക് ഭേദഗതി പ്രോജക്ടുകൾ ജില്ലാ ആസൂത്രണസമിതിക്ക് നൽകുന്നതിന് സുലേഖയിൽ ക്രമീകരണം ചെയ്യുവാൻ തീരുമാനിച്ചു. എന്നാൽ ഇനിയും പുതിയ ഭേദഗതികൾ അനുവദിക്കുന്നതല്ല.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

3.6 KSEB, KWA, GWD തുടങ്ങിയ വകുപ്പ മുഖേന നടപ്പാക്കുന്ന പ്രോജക്ടുകൾ ഡെപ്പോസിറ്റ് വർക്കായാണ് ചെയ്യുന്നത്. പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇത്തരം പ്രോജക്ടുകളുടെ ഡെപ്പോസിറ്റ് തുക സാമ്പത്തികവർഷാവസാനമാണ് നൽകുന്നത്. അതിനാൽ ഈ വകുപ്പുകളുടെ പ്രോജക്ടുകൾ അതതു വർഷം നിർവഹണം നടത്താൻ കഴിയാറില്ല. ഇതൊഴിവാക്കുന്നതിന് ഇത്തരം പ്രവൃത്തികളുടെ ഡെപ്പോസിറ്റ് തുക നവംബർ 30-നകം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നൽകേണ്ടതാണ്. കൂടാതെ വിവിധ അക്രഡിറ്റഡ് ഏജൻസികൾക്ക് ഡെപ്പോസിറ്റ് ചെയ്ത്, പൂർത്തിയാകാതെ സ്പിൽ ഓവറായി കിടക്കുന്ന, ത്രിതല പഞ്ചായത്തുകളുടേയും നഗരസഭകളുടെയും പദ്ധതികളുടേയും വിശദാംശങ്ങൾ കൂടി 30.11.2018നകം കണ്ടെത്തി, വർഷം, ഇനം അടിസ്ഥാനത്തിൽ തിരിച്ച് കണക്കുകൾ സമർപ്പിക്കണം.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.7 ബിറ്റുമിന്റെ വില വർദ്ധിച്ചത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികളെ ബാധിച്ചതായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇത് ധനവകുപ്പിന്റെ പരിഗണനയിലാണ്. ധനവകുപ്പിന്റെ തീരുമാനമനുസരിച്ച് തുടർനടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ്**
**ചീഫ് എഞ്ചിനീയർ**

3.8 പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ലാത്ത ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് TSP വിഹിതം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് TSP വിഹിതം ചെലവഴിക്കാൻ കഴിയുന്നില്ല. ട്രഷറി ബിൽ ഓൺലൈൻ ആകുന്നതിനു മുമ്പ് ഇങ്ങനെയുള്ള ഫണ്ട് പ്രോജക്ട് വച്ച് തിരികെ അടയ്ക്കാൻ സാധിക്കുമായിരുന്നു. എന്നാൽ ഓൺലൈൻ ആയതിനുശേഷം ഇതു സാധിക്കുകയില്ല. ഇങ്ങനെ പട്ടിക

വർഗ്ഗ കുടുംബങ്ങൾ ഇല്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ തുക ബന്ധപ്പെട്ട പട്ടികവർഗ്ഗ വികസന ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കാവുന്നതാണ്. ഈ വിവരം പട്ടികവർഗ്ഗ വികസന ഡയറക്ടറെ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിക്കണം. ഏതു ശീർഷകത്തിൽഈ തുക തിരികെ അടയ്ക്കണമെന്നതു സംബന്ധിച്ച് ധനവകുപ്പ് അറിയിക്കുന്നതാണ്.

**നടപടി- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

3.9 കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.05.2018, 27.06.2018 എന്നീ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള 18.07.2018-ലെ 1953/18/തസ്വഭവ ഉത്തരവു പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗങ്ങൾ വിവിധ ഡി.പി.സി. യോഗങ്ങളിലും ഡി.പി.സി. സബ് കമ്മിറ്റി യോഗങ്ങളിലും പങ്കെടുക്കുമ്പോൾ ഒരു യോഗത്തിന് 400/- രൂപ സിറ്റിംഗ് ഫീയും യാത്രാബത്തയായി 600/- രൂപയും ചേർത്ത് ആകെ 1000/- രൂപ അനുവദിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഈ തുക ഡി.പി.സി. അംഗങ്ങൾക്കുള്ള അലവൻസ് വിഹിതത്തിൽ നിന്ന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അനുവദിക്കും എന്നാണ് നിർദ്ദേശിച്ചിരുന്നത്. ഈ വർഷം ഈ തുക ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ നിന്ന് ലഭിക്കാൻ ബുദ്ധിമുട്ടായതിനാൽ ഈ വർഷത്തേയ്ക്ക് മാത്രമായി ഇത് കിലയിൽ നിന്ന് അനുവദിക്കാൻ തീരുമാനിച്ചു. അടുത്ത വർഷം മുതൽ ഇതിനായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ നിന്നും അനുവദിക്കുന്നതാണ്. ഇതിനായി പ്രത്യേകം തുക വകയിരുത്തുന്നതിന് ആവശ്യമായ തുടർനടപടി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ ചീഫ് സ്വീകരിക്കണം. ജില്ലാ പ്ലാനിംഗ് ഓഫീസർ യോഗങ്ങളുടെ രേഖകൾ പരിശോധിച്ച് ശുപാർശ ചെയ്യുന്നതനുസരിച്ച് കിലയിൽ നിന്നും ഡി.പി.സി. അംഗങ്ങൾക്ക് സിറ്റിംഗ് ഫീയും യാത്രാബത്തയും നൽകേണ്ടതാണ്.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ബി ) വകുപ്പ്**
**2)ഡയറക്ടർ കില**
**3) ചീഫ് ഡി.പി. ഡിവിഷൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്**

3.10 എല്ലാ ജില്ലകളിലും ജില്ലാ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കണമെന്നും ഇങ്ങനെ തയ്യാറാക്കുന്ന സംയുക്ത പ്രോജക്ടുകൾ പരിശോധിച്ച് മികവിന്റെ അടിസ്ഥാനത്തിൽ പ്രോത്സാഹന ധനസഹായം നൽകുമെന്നും സർക്കാർ അറിയിച്ചിരുന്നു. ഇങ്ങനെയുള്ള പ്രോജക്ടുകൾ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ പരിശോധിച്ച് തദ്ദേശഭരണ വകുപ്പിന് നൽകുന്ന മുറയ്ക്കാണ് ധനസഹായം നൽകാൻ തീരുമാനിച്ചിരുന്നത്. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലേയ്ക്ക് ഇതുവരെ കൊല്ലം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ നിന്നായി ആകെ 8 പ്രോജക്ടുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ പ്രോജക്ടുകൾ സമർപ്പിക്കുന്നതിനുള്ള കാലപരിധി നവംബർ 15 വരെ ദീർഘിപ്പിച്ചു നൽകാൻ തീരുമാനിച്ചു.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

3.11 കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 17.09.2018-ലെ 2438/18/തസ്വഭവ ഉത്തരവ് പ്രകാരം പട്ടികജാതി വിഭാഗത്തിന് വിവാഹ ധനസഹായത്തിന് അപേക്ഷ നൽകേണ്ട സമയപരിധി 6 മാസമായി വർദ്ധിപ്പിച്ചിരുന്നു. കൂടാതെ കാലപരിധിക്കകം അപേക്ഷിക്കാത്ത വിഷയത്തിന്മേൽ പരിശോധിച്ച് തീരുമാനമെടുക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇത് പട്ടികവർഗ്ഗ വിഭാഗത്തിനു കൂടി ബാധകമാക്കാൻ തീരുമാനിച്ചു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.12 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20-ലെ വാർഷിക പദ്ധതി 2018 ഡിസംബർ 31-നകം ജില്ലാ ആസൂത്രണസമിതി അംഗീകാരം വാങ്ങുന്ന രീതിയിൽ കലണ്ടർ ചിട്ടപ്പെടുത്തി പ്രവർത്തനം നടക്കുകയാണ്. പുതിയ കേരളം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തിൽ ഊന്നിയുള്ള സമഗ്ര ആസൂത്രണ പ്രക്രിയക്ക് സർക്കാർ തുടക്കം കുറിക്കുകയാണ്. ഇതോടൊപ്പം പ്രാദേശിക പദ്ധതി ആസൂത്രണത്തിന്റേയും നിർവഹണത്തിന്റേയും ഗുണ നിലവാരവും മികച്ചതാക്കുക എന്നതും സർക്കാരിന്റെ ലക്ഷ്യമാണ്. ഇതിന് ഊർജ്ജം പകരുന്ന ആസൂത്രണ നിർവഹണ പ്രക്രിയയ്ക്ക് തുടക്കം കുറിക്കുന്നതിന്റെ ഔപചാരികമായ ഉത്ഘാടനം വിപുലമായി നടത്താൻ തീരുമാനിച്ചു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**

3.13 **ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.10.2018-ലെ ഐ.കെ.എം. /IMPL. GP/ 2545/ 2018-ാം നമ്പർ കത്ത്**

സാംഖ്യ സോഫ്റ്റ് വെയറും പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ പ്രിയ സോഫ്റ്റ് വെയറും സംയോജിപ്പിക്കുന്നതിന് മേജർ - മൈനർ ഹെഡ് ഓഫ് അക്കൗണ്ട് സംബന്ധിച്ച പ്രശ്നമുണ്ട്. ഇതിന് MoPR Domain ടീമിന്റെ സഹായം ആവശ്യമുണ്ട് ഇത് ചർച്ച ചെയ്ത് പരിഹരിക്കാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

**3.14** CHC, PHC കളിലേയ്ക്ക് ഉച്ച കഴിഞ്ഞുള്ള ഒ.പി. പ്രവർത്തിക്കുന്നതിന് ഡോക്ടർമാരെ നിയമിക്കാൻ അതതു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് എത്ര PHC കളിലും CHC കളിലും ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിച്ചു എന്ന വിവരം പഞ്ചായത്ത് ഡയറക്ടറും ഗ്രാമവികസന കമ്മീഷണറും നൽകണം. മാതൃക താഴെ ചേർക്കുന്നു.

| ആകെ CHC/PHC കളുടെ എണ്ണം | ഡോക്ടർമാരെ നിയമിച്ച CHC/PHC കളുടെ എണ്ണം | പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിച്ച CHC/PHC കളുടെ എണ്ണം |
|---|---|---|
| | | |

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) ഗ്രാമവികസന കമ്മീഷണർ**

3.15 കോർപ്പറേഷന്റെ പദ്ധതി നിർവഹണം പ്രത്യേകമായി നഗരകാര്യ ഡയറക്ടർ അവലോകനം ചെയ്യണം. സർക്കാർ തലത്തിൽ ഇടപെടൽ ആവശ്യമുള്ള വിഷയങ്ങൾ പ്രത്യേകമായി അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകണം.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2)നഗരകാര്യ ഡയറക്ടർ**

3.16 ബ്ലോക്ക്തല അവലോകനത്തിൽ കഴിയുന്നത്ര യോഗങ്ങളിൽ ജില്ലാ കളക്ടർ പങ്കെടുക്കണം. ബ്ലോക്ക്തല യോഗങ്ങളോടൊപ്പം നഗരസഭകളേയും ജില്ലാ പഞ്ചായത്തിനേയും ജില്ലാതലത്തിൽ വിളിച്ച് അവലോകനം നടത്തണം. ഇതിന്റെ വിശദമായ റിപ്പോർട്ട് എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാരും നൽകണം.

**നടപടി- 1)തദ്ദേശസ്വയംഭരണ (എഫ്.എം ) വകുപ്പ്**
**2)എല്ലാ ജില്ലാ കളക്ടർമാർക്കും**
**3)ചീഫ്, ഡി.പി. ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്**
**4) എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാരും**

3.17 തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിവിധ വിഷയങ്ങളിൽ നടത്തുന്ന പരിശീലനം സംസ്ഥാനത്തു തന്നെ മറ്റ് പല ഏജൻസികളും നടത്തുന്നുണ്ട് എന്ന് യോഗത്തിൽ പരാമർശമുണ്ടായി. ഇത്തരം പരിശീലനങ്ങൾ എല്ലാം തന്നെ, കില മുഖേനയോ, കിലയുമായി ചർച്ച ചെയ്തോ നടത്തേണ്ടതാണ്.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഐ.ബി ) വകുപ്പ്**
**2)ഡയറക്ടർ, കില**

3.18 തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന് പ്രത്യേകം പരിശീലനം നൽകണമെന്ന് മുമ്പ് തീരുമാനിച്ചിരുന്നുവെങ്കിലും ഇത് നടത്തിയിട്ടില്ല. അടിയന്തിരമായി ഇവർക്ക് കൂടി പരിശീലനം നൽകണം

**നടപടി- 1)തദ്ദേശസ്വയംഭരണ (ഐ.ബി ) വകുപ്പ്**
**2)ഡയറക്ടർ, കില**

3.19 നഗരകാര്യ വകുപ്പുമായി ബന്ധപ്പെട്ട പരിശീലനം കാര്യക്ഷമമാക്കണം. ഇതിനായി മികച്ച പരിശീലകരെ കണ്ടെത്തി ഉപയോഗിക്കണം. അർബൻ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കിലയിൽ കൂടുതൽ പ്രൊഫഷണൽ വൈദഗ്ധ്യമുള്ള പരിശീലകരെ ഉൾപ്പെടുത്തണം. പരിശീലനത്തിന്റെയും വിഷയത്തിന്റേയും പ്രാധാന്യമനുസരിച്ച് ആവശ്യമെങ്കിൽ സംസ്ഥാനത്തിനു പുറത്തു നിന്നുള്ള മികച്ച സ്ഥാപനങ്ങളിലെ (IIT, IIM, IRMA, ASCI, NIRD തുടങ്ങിയവയിൽ നിന്നുള്ള പ്രൊഫഷണലുകളുടെ സേവനം കൂടി പ്രയോജനപ്പെടുത്തി പരിശീലനങ്ങളുടെ ഗുണനിലവാരം ഉയർത്തണം. ഉദ്യോഗസ്ഥരുടെ പരിശീലനത്തിന്റെ അവസാനം, ഇവാലുവേഷൻ ടെസ്റ്റുകൾ നടത്തി ഗ്രേഡ്/ മാർക്ക് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ നൽകണം.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**
**2)ഡയറക്ടർ, കില**

3.20 പദ്ധതി ചെലവ് ഏറ്റവും കുറവുള്ള 10 ഗ്രാമപഞ്ചായത്തുകളെയും 5 വീതം ബ്ലോക്ക് പഞ്ചായത്തിനേയും നഗരസഭകളേയും അവരുടെ പദ്ധതി നിർവ്വഹണ പ്രക്രിയയിൽ കില പ്രത്യേകം സഹായിക്കണം. ഇതിനാവശ്യമായ ക്രമീകരണം ഒരുക്കണം.

നടപടി- 1)തദ്ദേശസ്വയംഭരണ (എഫ്.എം ) വകുപ്പ്
2) ഡയറക്ടർ, കില

3.21 ഉദ്യോഗസ്ഥ തലത്തിലും ജില്ലാ ആസൂത്രണസമിതിതലത്തിലും തീരുമാന മെടുക്കേണ്ട പല വിഷയങ്ങളും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്നുണ്ട്. ഇതൊഴിവാക്കണം. ജില്ലാ ആസൂത്രണസമിതി തലത്തിൽ/ജില്ലാതലത്തിൽ തീരുമാനിക്കേണ്ട വിഷയങ്ങൾ അവിടെ തന്നെ തീരുമാനിക്കുന്നതിനുവേണ്ടിയാണ് ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖേന ആവശ്യങ്ങൾ ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുന്ന രീതി ഏർപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ഈ വിഷയത്തിൽ ജില്ലാ കളക്ടർ/ജില്ലാ പ്ലാനിംഗ് ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കണം. ഇത്തരം വിഷയങ്ങളും വിശദാംശങ്ങൾ ഇല്ലാത്തവയും ഇനി കോഓർഡിനേഷൻ കമ്മിറ്റി അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്നു തീരുമാനിച്ചു. അവ എസ്.ആർ.ജി.യിൽ നിന്നു തന്നെ മടക്കി അയയ്ക്കണം.

നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

3.22 കോഓർഡിനേഷൻ കമ്മിറ്റിയുടെ 01.02.2017-ലെ തീരുമാനപ്രകാരം (ഖണ്ഡിക 2.24) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിലെ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് 30,000/- രൂപ വരെ വിലയുള്ള ലാപ് ടോപ് നൽകാൻ അനുമതി നൽകിയിരുന്നു.ഐ.ടി. മിഷന്റെ ഡയറക്ടർ നൽകിയ മിഡ് ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ് ആയിരിക്കണം നൽകേണ്ടതെന്ന് നിഷ്കർഷിച്ചിരുന്നു. ഐ.ടി. ഡയറക്ടർ നൽകിയ സ്പെസിഫിക്കേഷനിൽ 5 year comprehensive onsite OEM warranty including battery & Charger എന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 5 വർഷം എന്നത് 3 വർഷമായി കുറയ്ക്കാൻ തീരുമാനിച്ചു

നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.23 വിവിധ വകുപ്പിന്റെ പദ്ധതികളുമായി തൊഴിലുറപ്പ് പദ്ധതി സംയോജിപ്പിക്കേണ്ട ആവശ്യകത യോഗം ചർച്ച ചെയ്തു. ഇപ്രകാരം സംയോജന സാദ്ധ്യതകളുള്ള മേഖലകളുടെ വിശദാംശം MGNREGS ഡയറക്ടർ അവതരിപ്പിച്ചു. ഇത് എല്ലാ വകുപ്പുകളും പ്രയോജനപ്പെടുത്തണമെന്ന് യോഗം നിർദ്ദേശിച്ചു.

1) പ്രളയത്തെ തുടർന്ന് നഷ്ടപ്പെട്ട എല്ലാ കൃഷി സ്ഥലങ്ങളും പുനസ്ഥാപിച്ച് കൃഷി ഇറക്കൽ
2) പ്രളയത്തിൽ നഷ്ടപ്പെട്ട പ്രദേശങ്ങളിലും പുതിയ പ്രദേശങ്ങളിലും തെങ്ങുകൃഷി വ്യാപനം
3) ശുചിത്വ മിഷനുമായി ചേർന്ന് കമ്പോസ്റ്റ് സംവിധാനങ്ങൾ ഒരുക്കൽ
4) കൃഷി വകുപ്പുമായി ചേർന്ന് ഫലവൃക്ഷങ്ങളുടേയും വനം വകുപ്പുമായി ചേർന്ന് ഇതര ഇനം സസ്യങ്ങളുടേയും നഴ്സറി നിർമ്മാണം
5) പാഴ്വസ്തുക്കളും മണ്ണും ചെളിയും അടിഞ്ഞുകൂടിയ കൃഷി ഭൂമി അഭിവൃദ്ധിപ്പെടുത്തി പുനസ്ഥാപിക്കൽ
6) മഴക്കുഴി നിർമ്മാണം വ്യാപകമാക്കൽ

7) പ്രളയത്തിൽ തകർന്ന തൊഴുത്തുകളുടെ പുനർ നിർമ്മാണവും പുതിയ നിർമ്മാണവും

8) അനുയോജ്യമായ സ്ഥലങ്ങളിൽ ക്ഷീര വികസന വകുപ്പുമായി ചേർന്ന് തീറ്റപ്പുൽക്കൃഷി , അസോള കൃഷി വ്യാപകമാക്കൽ

9) പുതിയ ജലനിർഗമന ചാനലുകളുടെ നിർമ്മാണം/ സംരക്ഷണം

10 പ്രളയ നിയന്ത്രണത്തിനും നദീതീര സംരക്ഷണത്തിനും അനുയോജ്യമായ വിധത്തിൽ മുള വച്ചു പിടിപ്പിക്കൽ

11) കയർ ഭൂവസ്ത്രം ഉപയോഗിച്ച് കുളങ്ങളുടേയും പുഴകളുടേയും/ ജലാശയങ്ങളുടേയും അതിരുകൾ ബലപ്പെടുത്തൽ

12) പൊതു ഭൂമിയിലും വന ഭൂമിയിലും വനം വകുപ്പുമായി ചേർന്ന് സാമൂഹ്യ വനവൽക്കരണം

13) ഫീഡർ ചാനലുകളും ഫീൽഡ് ചാനലുകളും നവീകരിക്കൽ

14) പ്രളയ പുനരധിവാസ കേന്ദ്രങ്ങളുടെ നിർമ്മാണം

15) MPLAD, MLASDF പദ്ധതികളിലും തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതികളിലും ഏറ്റെടുത്തിരിക്കുന്ന റോഡു വർക്കുകളുടെ സോളിംഗ് ആന്റ് മെറ്റലിംഗ് പ്രവർത്തികൾ

16) ലൈഫ് ഭവന പദ്ധതിക്കാവശ്യമായ നിർമ്മാണ സാമഗ്രികളുടെ ഉത്പാദനം

17) തീരദേശത്തെ ഗ്രാമപഞ്ചായത്തുകളിൽ സൈക്ലോൺ ഷെൽറ്റർ നിർമ്മാണം

18) തീരദേശ പഞ്ചായത്തുകളിൽ ഫിഷ് ഡ്രൈയിംഗ് യാർഡ് നിർമ്മാണം

19) ഗ്രാമ ചന്തകളുടെ നിർമ്മാണം

20) ധാന്യപുരകളുടെ നിർമ്മാണം

21) സ്കൂളുകളിൽ കളിസ്ഥലങ്ങളുടെ അഭിവൃദ്ധിപ്പെടുത്തൽ/ പുതിയ നിർമ്മാണം

22) സ്കൂൾ ചുറ്റമതിൽ

23) പ്രളയത്തിൽ തകർന്ന അംഗനവാടികളുടെ പുനരുദ്ധാരണം/ പുതിയവയുടെ നിർമ്മാണം

24) പ്രളയജലവും അഴുക്ക് വെള്ളവും ഒഴുക്കിക്കളയാൻ ആവശ്യമായ ഓടകളുടെ നിർമ്മാണം വ്യാപകമാക്കൽ

25) പാടശേഖരങ്ങളുടെ സമീപ തോടുകളിലും പാടങ്ങളിലും അടിഞ്ഞു കൂടിയിരിക്കുന്ന ചെളി ഉപയോഗിച്ച് പുറംബണ്ട് ബലപ്പെടുത്തൽ

26) പ്രളയത്തെ തുടർന്ന് ഉപയോഗരഹിതമായ ചെക്ക്ഡാം /വി.സി.ബി കളുടെ അറ്റകുറ്റപ്പണികളും അടിഞ്ഞു കൂടിയിട്ടുള്ള ചെളി നീക്കം ചെയ്യലും

27) ജലസേചന കനാലുകളുടേയും ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടേയും അറ്റകുറ്റപ്പണികളും പ്രളയത്തെ തുടർന്ന് അടിഞ്ഞു കൂടിയിട്ടുള്ള ചെളി നീക്കം ചെയ്യലും

ഇതിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ MGNREGS ഡയറക്ടറെയും, ഗ്രാമവികസന കമ്മീഷണറെയും ചുമതലപ്പെടുത്തി.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ഡി ) വകുപ്പ്**
**2) മിഷൻ ഡയറക്ടർ , MGNREGA**
**3) ഗ്രാമവികസന കമ്മീഷണർ**

**3.24 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.10.2018-ലെ DB3-753/12/CE തസ്വഭവ കത്ത്**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.07.2018-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 03.08.2018-ലെ 2137/18/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ വർക്കുകളുടെ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനും മറ്റും ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിക്ക് 20.00 ലക്ഷം രൂപവരയുള്ള പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാൻ അനുമതി നൽകിയിട്ടുണ്ട്. നഗരസഭകളുടെ AMRUT പദ്ധതിയിൽ മിക്ക ഇലക്ട്രിക്കൽ പ്രവൃത്തികളുടെ അടങ്കൽ 20.00 ലക്ഷം രൂപയിൽ അധികമായി വരുന്നു എന്നതിനാൽ പരിധി ബാധകമാക്കാതെ സാങ്കേതികാനുമതി നൽകുന്നതിന് ജില്ലാതല കമ്മിറ്റിയെ ചുമതലപ്പെടുത്തണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ യോഗത്തിൽ ആവശ്യപ്പെട്ടു. ഇതിന്മേൽ താഴെപ്പറയുന്ന തീരുമാനമെടുത്തു.

സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് സാങ്കേതികാനുമതി നൽകാനുള്ള പരിധി എത്രയാണോ അത് മുകളിൽ പറഞ്ഞ ജില്ലാതല കമ്മിറ്റിക്കും ബാധകമാക്കാൻ തീരുമാനിച്ചു. (നിലവിലെ ഉത്തരവ് പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് പരിധിയില്ല) ജില്ലാതലത്തിൽ അല്ലാതെ മറ്റുതലത്തിൽ (ഉദാ. കോർപ്പറേഷൻ തലത്തിൽ) ഈ കമ്മിറ്റികൾ രൂപീകരിക്കേണ്ടതില്ല.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.സി ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**4. പ്രത്യേക വിഷയങ്ങൾ**

====================

**4.1 മാറഞ്ചേരി ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2018-ലെ കത്ത് (SRG 909/18 -CC267/18)**

***പ്രോ.നം 106/19 അടങ്കൽ 2,00,000/- രൂപ***

***ഡയാലിസിസ് സെന്ററിനുള്ള മരുന്ന് വാങ്ങൽ***

പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഡയാലിസിസ് സെന്ററിലേയ്ക്ക് മരുന്നു വാങ്ങാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.2 ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.10.2018-ലെ കത്ത് (SRG/18-CC/2014/18)**

***പ്രോ.നം 42/19 അടങ്കൽ 10,05,240/- രൂപ***

***പേര് :- മൊബൈൽ ജറിയാട്രിക് ക്ലിനിക്ക്***

മാസത്തിൽ ഒരു തവണ വീതം എല്ലാ ഗ്രാമപഞ്ചായത്തുകളിലും വയോജനങ്ങൾക്കായി മെഡിക്കൽ ക്യാമ്പ് നടത്തി ഇവർക്ക് നിലവിലുള്ള രോഗങ്ങളെക്കുറിച്ച് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി അതിനനുസരിച്ച് മരുന്ന് വാങ്ങി സി.എച്ച്.സി.യിൽ സൂക്ഷിക്കാനാണ് ലക്ഷ്യം. മരുന്ന് വാങ്ങൽ , വാഹന വാടക, മരുന്നു സൂക്ഷിക്കാനുള്ള സംവിധാനം ഡോക്ടർ, പാരാ മെഡിക്കൽ സ്റ്റാഫിനുള്ള വേതനം എന്നിവയാണ് പ്രവർത്തനം. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** മെഡിക്കൽ ക്യാമ്പ് നടത്താവുന്നതല്ല. സി.എച്ച്.സി.യിലേയ്ക്ക് മരുന്നു വാങ്ങുന്നതിനുമാത്രമായി അനുമതി നൽകുന്നു.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.3 ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.10.2018-ലെ കത്തും ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 21.07.2018-ലെ V(1)-ാം നമ്പർ ഭരണസമിതി തീരുമാനവും.( (SRG/885/18-CC/222/18)**

***പ്രോ.നം 41/19 അടങ്കൽ 10,81,085/- രൂപ***

***പേര് :- ഉലകുംതറ മാങ്കൂട്ടത്തിൽ കോളനി കുടിവെള്ള പദ്ധതി***

ഉലകുംതറ മാങ്കൂട്ടത്തിൽ കോളനി കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് ഗുണഭോക്തൃ വിഹിതം ഒഴിവാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ഗുണഭോക്തൃ വിഹിതം നിർബന്ധമല്ല എന്നിരിക്കെ മാർഗ്ഗരേഖ പരിശോധിക്കാത കോഓർഡിനേഷൻ കമ്മിറ്റി യുടെ അനുമതിക്കായി ഇപ്രകാരം അയച്ചത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയടക്കം ബന്ധപ്പെട്ട ഉദ്യോഗസ്ഥ രുടെ ശ്രദ്ധക്കുറവാണെന്ന് യോഗം വിലയിരുത്തി.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.4 ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.10.2018-ലെ കത്തും ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 21.07.2018-ലെ V(1)-ാം നമ്പർ തീരുമാനം(SRG 884/18/CC 221/18)**

***പ്രോ.നം 40/19 അടങ്കൽ 14,84,335/- രൂപ***

***പേര് :- പുന്നകുറ്റി കിഴക്ക് കുടിവെള്ള പദ്ധതി***

പട്ടികജാതി വിഭാഗക്കാർക്കുവേണ്ടി താമരക്കുളം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന പുന്നകുറ്റി കിഴക്ക് കുടിവെള്ള പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം ഒഴിവാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഗുണഭോക്തൃ വിഹിതം നിർബന്ധമല്ല എന്നിരിക്കെ മാർഗ്ഗരേഖ പരിശോധിക്കാതെ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി ഇപ്രകാരം അയച്ചത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയടക്കം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധക്കുറവാണെന്ന് യോഗം വിലയിരുത്തി.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ഡി ) വകുപ്പ്**

### 4.5 അടൂർ മുനിസിപ്പാലിറ്റി

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.10.2018-ലെ കത്തും അടൂർ മുനിസിപ്പൽ ചെയർപേഴ്സന്റെ 25.10.2018-ലെ കത്തും( (SRG-965/18-CC/345/18)**

***പ്രോ.നം 129/19 അടങ്കൽ 5,00,000/- രൂപ***

***പേര് :- പുതിയ മുനിസിപ്പൽ ഓഫീസ് നിർമ്മാണം.***

2018-19-ലെ മുനിസിപ്പൽ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സിനുള്ള പ്രോജക്ട് വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകാതെ തിരിച്ചയച്ചു. മറ്റു വിഹിതം കൂടി ഉൾപ്പെടുത്തി പ്രോജക്ട് ഭേദഗതി ചെയ്യുന്നതിന് അനുമതിയും ആവശ്യമായ ക്രമീകരണം സുലഖ സോഫ്ട് വെയറിൽ ചെയ്യണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു. ഇതിനാവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിച്ചു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

### 4.6 മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

**ബഹു. വള്ളിക്കുന്ന് എം.എൽ.എ.യുടെ 25.07.2018-ലെ കത്തും മൂന്നിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.07.2018-ലെ A2-1967/2018-ാം നമ്പർ കത്തും (LSGD DA1/703/18 LSGD( (SRG 952/18)**

ദേശീയപാത വികസിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസടക്കം മറ്റ് ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടം പൊളിച്ചു മാറ്റണം. ഇതിന് തുക കണ്ടെത്തുന്നതിന് റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കിയിരുന്ന 21 പ്രോജക്ടുകൾ ഉപേക്ഷിച്ച് ലഭിക്കുന്ന 64,38,000/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് തയ്യാറാക്കിയിരുന്ന 26 പ്രോജക്ടുകൾ ഒഴിവാക്കി ലഭിക്കുന്ന 77,93,000/- രൂപയും ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഈ ആവശ്യത്തിന് ഉപയോഗിക്കാനുള്ള അനുമതി നിരസിച്ചു. റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇതിനായി ഉപയോഗിക്കുന്നതിന് ധന വകുപ്പിന്റെ കൂടി അംഗീകാരം വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

4.7 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.09.2018-ലെ 360/18/CC/DPC/DPO/Knr നമ്പർ കത്തു പ്രകാരം താഴെപ്പറയുന്നവ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്നു. (LSGD - DD2/463/18/LSGD -SRG 463/18)

(i) പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്

***പ്രോ.നം 58/18 അടങ്കൽ 1,00,000/- രൂപ***

***പേര് :- പെരിങ്ങോം താലൂക്ക് ആശുപത്രിയിലെ കിടപ്പുരോഗികൾക്ക് പ്രഭാത ഭക്ഷണം.***

താലൂക്ക് ആശുപത്രിയിലെ കിടപ്പ് രോഗികൾക്ക് കുടുംബശ്രീ മുഖേന ഭക്ഷണം നൽകുന്ന പ്രോജക്ട് നടപ്പാക്കി. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** സാധൂകരണം നൽകുന്നു.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ഡി ) വകുപ്പ്

(ii) കണ്ണൂർ ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 20.08.2018-ലെ D1-1574/18/ ആസൂ.നമ്പർ കത്ത്

ഇറച്ചിക്കോഴികളുടെ തീറ്റയടക്കമുള്ളവയുടെ യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിച്ചിട്ടുണ്ട്. ആയിരം ബ്രോയിലർ കോഴി കുഞ്ഞിനെ നൽകുന്ന യൂണിറ്റ്.

1) ഇറച്ചിക്കോഴി - @ Rs 40/-
2) കോഴിത്തീറ്റ - @Rs. 30/-
3) മെഡിസിൻ /വാക്സിൻ - @Rs. 5/-

ജില്ലാതലത്തിൽ നിശ്ചയിച്ച ഈ നിരക്കിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-**
1) കോഴികളുടെ തീറ്റച്ചെലവ് ഗുണഭോക്താവ് വഹിക്കണം
2) യൂണിറ്റ് നിരക്കുകൾ ജില്ലാതലത്തിൽ നിശ്ചയിക്കാൻ സർക്കാർ ഉത്തരവായ സ്ഥിതിക്ക് നിരക്ക് സംബന്ധിച്ച് കോഓർഡിനേഷൻ കമ്മിറ്റി പരിഗണനയ്ക്കെടുത്തില്ല.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

4.8 പെരിങ്ങാം - വയക്കര ഗ്രാമപഞ്ചായത്ത്

പെരിങ്ങോം- വയക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.08.2018-ലെ P4/2015-ാം നമ്പർ കത്ത് (LSGD/F2/288/18-LSGD -SRG953/18

പഞ്ചായത്തിൽ പുതിയതായി ആരംഭിച്ച ഗവ.ആർട്സ് ആന്റ് സയൻസ് കോളേജിന് 20.00 ലക്ഷം രൂപയുടെ ധനസഹായം തനത് ഫണ്ടിൽ നിന്നു നൽകാൻ 28.10.2014-ലെ 2796/14/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം അനുമതി നൽകിയിരുന്നു. തനത് ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്ലാൻ ഫണ്ടിൽ നിന്നു തുക നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** പിന്നീട് പരിഗണിക്കാനായി മാറ്റി വച്ചു.

**നടപടി- 1)തദ്ദേശസ്വയംഭരണ (എഫ്.എം ) വകുപ്പ്**

**4.9 കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2018-ലെ കത്തും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 06.07.2018-ലെ KB1-1453/18-ാം നമ്പർ കത്തും ( SRG 850/18 - CC147/18)**

***പ്രോ.നം 67/19 അടങ്കൽ 11,51,410/- രൂപ***

***പേര് :- സെക്കന്ററി പാലിയേറ്റീവ് കെയർ***

കിടപ്പ രോഗികളെ വീട്ടിൽ ചെന്ന് പരിശോധിക്കുന്ന സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഒരു ഡോക്ടറെ നിയമിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** സി.എച്ച്.സികളിലും, പി.എച്ച്.സികളിലും ഉച്ച കഴിഞ്ഞ് ഒ.പി പ്രവർത്തിക്കുന്നതിന് ഒരു ഡോക്ടറെ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് നിയമിക്കാൻ അനുമതി ഉണ്ട്. ഇപ്രകാരം ഡോക്ടറെ നിയമിക്കാവുന്നതും ഈ ഡോക്ടറുടെ സേവനം ഇതിനായി ഉപയോഗിക്കാവുന്നതുമാണ്.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.10 കോട്ടയം ജില്ലാ ആസൂത്രണസമിതി അംഗത്തിന്റെ (സർക്കാർ നോമിനി) 25.10.2018-ലെ കത്ത്**

മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കലടക്കം വീട് പുനരുദ്ധാരണത്തിന് സഹായം ലഭിക്കാൻ ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണം എന്നാണ് സർക്കാർ നിർദ്ദേശം. ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാൻ വലിയ ചെലവുണ്ടാകുന്നുവെന്നും നിർമ്മാണത്തിനു മുമ്പ് എസ്റ്റിമേറ്റ് സാക്ഷ്യപ്പെടുത്തിക്കിട്ടാൻ കാലതാമസമുണ്ടാകുന്നുവെന്നും അറിയിച്ചിരിക്കുന്നു. അതിനാൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചതിന് ശേഷം ബന്ധപ്പെട്ട എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇത് ജില്ലാ ആസൂത്രണസമിതി പരിശോധിച്ച് റിപ്പോർട്ട് സഹിതം നൽകണം. പിന്നീട് പരിഗണിക്കും.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.11 നീണ്ടകര ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പഞ്ചായത്ത് പ്ലാനിംഗ് ഓഫീസറുടെ 08.10.2018-ലെ കത്തും നീണ്ടകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.09.2018-ലെ N6-4515/17-ാം നമ്പർ കത്തും (SRG 877/18/CC 192/18)**

പഞ്ചായത്തിലെ ഏക സർക്കാർ എൽ.പി. സ്കൂളാണ് നീണ്ടകര ഗവ.എൽ.പി.എസ്. 2017-18 വരെ ഈ സ്കൂൾ ഹെഡ് മാസ്റ്റർ മുഖേന പദ്ധതി നിർവ്വഹണം നടത്തിയിട്ടില്ല. ഈ വർഷം എസ്.സി. എസ്.പി. പ്രോജക്ടുകളടക്കം 9 പ്രോജക്ടുകൾ ഹെഡ് മാസ്റ്റർ മുഖേന നടപ്പാക്കുന്നു. സ്കൂൾ എച്ച്.എം.ന് DDO കോഡ് ഇല്ല. പുതിയ DDO കോഡ് അനുവദിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** 1) പുതിയ DDO കോഡ് അനുവദിക്കാൻ ധനവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.12 ബഹു. പുതുപ്പള്ളി എം.എൽ.എയുടെ 25.09.2018-ലെ 236/06/18-ാം നമ്പർ കത്തും കേരള യോഗ ടീച്ചേഴ്സ് യൂണിയൻ പ്രസിഡന്റിന്റെ 06.09.2018-ലെ കത്തും (2873477/2018 o/o Minister LSGD - SRG 897/18)**

സർക്കാർ ഉത്തരവു പ്രകാരം യോഗ പരിശീലിപ്പിക്കുന്നതിന് അംഗീകൃത സർവ്വകലാശാലയിൽ നിന്ന് BNYS ബിരുദമോ തത്തുല്യ യോഗ്യത/ യോഗ അസോസിയേഷൻ/ സ്പോർട്സ് കൗൺസിൽ അംഗീകരിച്ച യോഗ്യതയോ ഉള്ളവരെ നിയമിക്കാം എന്നാണ്. ഈ ഉത്തരവിൽ അവ്യക്തതയുണ്ടെന്നും യോഗ്യരല്ലാത്തവരെ പരിശീലകരായി നിയമിക്കുന്നു എന്നതിനാൽ വ്യക്തത വരുത്തണമെന്നതും സംബന്ധിച്ച്

**തീരുമാനം :-** ഉത്തരവിൽ അവ്യക്തത ഇല്ലായെന്നു യോഗം നിരീക്ഷിച്ചു. പരിഗണിച്ചില്ല.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.13 പട്ടാമ്പി മുനിസിപ്പാലിറ്റി**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08. 10. 2018ലെ കത്തും പട്ടാമ്പി മുനിസിപ്പൽ സെക്രട്ടറിയുടെ 06.09.2018ലെ A3-10837/17-ാം നമ്പർ കത്ത് (SRG 874/18/ CC 122/18 മുതൽ 129/18 വരെയുള്ള കത്തുകളും 132/18 മുതൽ 142/18 വരെയുള്ള കത്തുകളും)**

2017-18ലെ 18 പ്രോജക്ടുകൾ സാങ്കേതിക അനുമതി ലഭിച്ചിരുന്നുവെങ്കിലും വെറ്റിംഗ് നടപടി കഴിഞ്ഞിരുന്നില്ല. അതിനാൽ 2018-19-ൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. പ്രോജക്ട് നടപ്പാക്കി. ഇത് ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** വെറ്റിംഗ് നടപടി പൂർത്തിയാക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയത്. നടപടിക്രമത്തിലെ അപാകതയാണ് എന്ന് യോഗം വിലയിരുത്തി. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.സി ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**4.14 വാഴൂർ ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.07.2018-ലെ 490/18/DPC/DPO/KTM നമ്പർ കത്തും വാഴൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.07.2018-ലെ A4-178/18-ാം നമ്പർ കത്തും.**

***പ്രോ.നം 130/19 അടങ്കൽ 7,86,161/- രൂപ***

***പേര് :- നെടുകുന്നം റബ്ബർ ഉത്പാദക സംഘത്തിന് കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങൽ***

2017-18-ൽ മുകളിൽ പറഞ്ഞ പ്രോജക്ടിന്റെ ഭാഗമായി ട്രാക്ടർ വാങ്ങി. മാർഗ്ഗരേഖയിൽ പറയാഞ്ഞതിനാൽ ബാക്ക് ലോഡർ വാങ്ങിയില്ല. ഈ പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നു. ട്രാക്ടറിനോടനുബന്ധിച്ച് ബാക്ക് ലോഡർ കൂടി വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.15 ചേലാമ്പ്ര ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2018-ലെ കത്ത് (SRG 925/18.CC/272/18)**

സ്കൂൾ കലാ കായികമേളയ്ക്ക് 2017-18, 2018-19 വർഷങ്ങളിലേയ്ക്ക് 1,00,000/- രൂപ വരെ സംഭാവന നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 1) 2017-18 ലെ (കഴിഞ്ഞ വർഷം ആയതിനാൽ) കലാ കായിക മേളയ്ക്ക് ധനസഹായം നൽകാൻ പ്രത്യേക അനുമതി നൽകുന്നു. 2018-19-ലേയ്ക്കുള്ളതിന് അനുമതി നൽകുന്നില്ല

**നടപടി- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.16 ബേദഡുക്ക ഗ്രാമപഞ്ചായത്ത്

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.10.2018-ലെ കത്ത് 31.07.2018-ലെ 3(1)ാം നമ്പർ ഭരണസമിതി തീരുമാനം**

***പ്രോ.നം 167/19 അടങ്കൽ 15,00,000/- രൂപ***

***പേര് :- വിവിധ കമ്മ്യൂണിറ്റി ഹാളുകളുടെ അറ്റകുറ്റപ്പണി***

2017-18-ൽ വിവിധ കമ്മ്യൂണിറ്റി ഹാളുകളുടെ അറ്റകുറ്റപ്പണിക്കായി 15,00,000/- രൂപ വകയിരുത്തിയിരുന്നു. 2018-19-ൽ ഇത് സ്പിൽ ഓവറായി തുടരുന്നു. 2017-18-ൽ തന്നെ പ്രവൃത്തി പൂർത്തിയായെങ്കിലും മാർച്ച് 31-നകം ബിൽ സമർപ്പിച്ചിരുന്നില്ല. 2018-19-ൽ സ്പിൽ ഓവറായി ഈ പ്രോജക്ട് തുടരുന്നു. ജനസംഖ്യാനുപാതികമായി വിഹിതം ശരിയാക്കിയതിന്റെ അടിസ്ഥാനത്തിൽ എസ്.സി.എസ്.പി. വിഹിതമായി 10,23,000/-രൂപ മാത്രമാണ് 2018-19-ൽ ലഭിച്ചത്. പൂർത്തിയാക്കിയ പ്രോജക്ടിന്റെ ബിൽ തുക 11,44,876/- രൂപയാണ്. അതിനാൽ അധിക തുക അനുവദിച്ചു നൽകണമെന്നു സംബന്ധിച്ച്

**തീരുമാനം :-** മുകളിൽ പറഞ്ഞ പ്രോജക്ട് കാറ്റഗറി 1 സ്പിൽ ഓവറായതിനാൽ അധിക തുക നൽകണമെന്ന് ധനവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.17 നൊച്ചാട് ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.10.2018-ലെ കത്ത്**

***പ്രോ.നം 72/19 അടങ്കൽ 7,00,000/- രൂപ***

***പേര് :- രയരോത്ത് മുക്ക് - രാമല്ലൂർ റോഡ് നവീകരണം.***

മുകളിൽ പറഞ്ഞ റോഡ് ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലൂടെയാണ് കടന്ന് പോകുന്നത്. റോഡ് നിർമ്മിക്കാൻ ഇറിഗേഷൻ വകുപ്പ് അനുമതി നൽകിയില്ല. അതിനാൽ തുക ഇറിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഡെപ്പോസിറ്റ് പ്രവൃത്തി ആയതിനാൽ ധനവകുപ്പിന്റെ അനുമതി വേണമെന്ന നിബന്ധനയോടെ അംഗീകരിക്കുന്നു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്**

## 4.18 കൊണ്ടാഴി ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2018- കത്തും കൊണ്ടാഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.09.2018-ലെ B1-4038/17-ാം നമ്പർ കത്തും (SRG 928/18/CC-114/18)**

***പ്രോ.നം 131/19 , 132/19, 133/19***

പഞ്ചായത്ത് ഓഫീസിലേയ്ക്കും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേയ്ക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാനായി 3 പ്രോജക്ടുകൾ 2017-18 ൽ എടുത്തത് 2018-19 ൽ സ്പിൽഓവറായി തുടരുന്നുണ്ട്. ഈ ഉപകരണങ്ങൾ വാങ്ങിയത് ചട്ടങ്ങൾ പാലിച്ചല്ല. അതിനാൽ ബിൽ തുക നൽകുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇത് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി- 1) തദ്ദേശസ്വയംഭരണ (എ.ബി ) വകുപ്പ്**
**2) കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ**

## 4.19 ഏറിയാട് ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2018-ലെ കത്ത് (SRG 931/18 CC-259/18)**

ഈ വർഷം TSP വിഹിതമായി 1,60,000/- രൂപയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. പഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു ഗുണഭോക്താവുമാത്രമേയുള്ളൂ. ഇദ്ദേഹത്തിന്റെ സ്ഥലത്തിന് ചുറ്റമതിൽ പണിയാൻ ധനസഹായം നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് വസ്തുവിന് ചുറ്റമതിൽ നിർമ്മിക്കാനുള്ള പ്രോജകട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഗുണഭോക്താവ് ഇതിന് അർഹതയുള്ള ആളാണെങ്കിൽ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.20 ഒരുമനയൂർ ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.10.2018-ലെ കത്തും ഒരുമനയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.09.2018-ലെ A2-1754/2018/SCP/2018-ാം നമ്പർ കത്തും (SRG 932/18/CC-249/18)**

***പ്രോ.നം 119/18 അടങ്കൽ 9,10,000/- രൂപ***

***പേര് :- പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക അടവാക്കൽ***

കേരള വാട്ടർ അതോറിറ്റിക്ക് പൊതു ടാപ്പിലൂടെ നൽകുന്ന കുടിവെള്ളത്തിന്റെ കുടിശ്ശികയായി 13,73,936/- രൂപ നൽകാനുണ്ട്. പഞ്ചായത്തിന്റെ തനത് ഫണ്ടും ജനറൽ പർപ്പസ് ഗ്രാന്റും അനിവാര്യ ചുമതലയ്ക്ക് തികയുന്നില്ല. അതിനാൽ ആയുർവേദ ഡിസ്പെൻസറിക്ക് സോളാർ സ്ഥാപിക്കൽ (പ്രോ.നം.72/18 , അടങ്കൽ 9,50,000/- രൂപ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്) എന്ന പ്രോജക്ട് ഒഴിവാക്കി 9,10,000/- രൂപ വെള്ളക്കരം കുടിശ്ശിക അടയ്ക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഒറ്റത്തവണയായി അടച്ചു തീർക്കുന്നതിനാൽ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിന് KWA യുമായി ചർച്ച ചെയ്യണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി- 1)തദ്ദേശസ്വയംഭരണ (എഫ്.എം ) വകുപ്പ്**

## 4.21 ബുധനൂർ ഗ്രാമപഞ്ചായത്ത്

**ബുധനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.10.2018-ലെ കത്തും 03.10.2018-ലെ 1(2) -ാം നമ്പർ ഭരണസമിതി തീരുമാനവും.**

പ്രളയക്കെടുതി വളരെയധികം ബാധിച്ച പഞ്ചായത്തിലെ മിക്ക കിണറുകളിലും മലിനജലം കയറി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ഇത്തരം കിണറുകളിലെ മലിനജലം ഗ്രാമപഞ്ചായത്തിലെ മോട്ടോർ ഉപയോഗിച്ച് തൊഴിലാളികളെ നിയോഗിച്ച് വൃത്തിയാക്കാൻ വികസനഫണ്ട് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പഞ്ചായത്തിന് തനത് ഫണ്ടു കുറവായതിനാലും പഞ്ചായത്ത് ഗുണഭോക്താക്കൾക്ക് തുക കൈമാറുന്നതിനു പകരം നേരിട്ട് കിണർ വൃത്തിയാക്കുന്ന രീതി ആയതിനാലും പ്രത്യേക അനുമതി നൽകുന്നു.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്**

## 4.22 കടലുണ്ടി ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.10.2018 -ലെ കത്തും കടലുണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.10.2018-ലെ കത്ത് (SRG 961/18 CC316/18)**

***പ്രോ.നം 283/19 അടങ്കൽ 4,89,120/- രൂപ (ഇതിൽ 50% ഗുണഭോക്തൃ വിഹിതം50% തനത് ഫണ്ട്)***

***പേര് :- കടലുണ്ടി സ്പോർട്സ് കൗൺസിൽ അത് ലറ്റിക്സ്, ഫുട്ബാൾ പരിശീലനം***

കടലുണ്ടി ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ അത് ലറ്റിക്സ്, ഫുട്ബോൾ എന്നിവയ്ക്ക് പരിശീലനം നടത്തുന്നതിനുള്ള പ്രോജക്ട്. മുൻ വർഷങ്ങളിലും ഈ പ്രോജക്ട് നടപ്പാക്കുന്നുണ്ട്. 2,44,560/- രൂപ തനത് ഫണ്ടും അത്രയും തുക ഗുണഭോക്തൃ വിഹിതവും. ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നൽകുന്നു. ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച ഈ പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ ഉന്നയിച്ച പ്രശ്നം പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകണം.

**നടപടി- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**

## 4.23 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2018-ലെ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 08.10.2018-ലെ 170/17-ാം നമ്പർ കത്ത്. (SRG 901/18 CC 229/18)**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രളയ ബാധിതരായ 21,000/- കുടുംബങ്ങൾക്ക് സ്റ്റീൽ പാത്രങ്ങൾ വാങ്ങി നൽകാനായി വികസനഫണ്ട് ഉപയോഗിച്ച് പ്രോജക്ട് ഏറ്റെടുക്കുന്നതിന് അനുമതി സംബന്ധിച്ച്. ആകെ ആവശ്യമായ തുക 2.10 കോടി രൂപ.

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.24 മലപ്പുറം ജില്ലാ പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2018-ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.10.2018-ലെ P4- 3331/18-ാം നമ്പർ കത്തും (SRG 906/18 CC 228/18)**

***പ്രോ.നം 604/19 അടങ്കൽ 11,80,000/- രൂപ***

***പേര് :- തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതി (ABC)***

ഹ്യൂമൻ സൊസൈറ്റി ഇന്റർ നാഷണൽ എന്ന NGO മുഖേന നടപ്പിലാക്കുന്ന പറഞ്ഞ ഈ താഴെപ്പറയുന്ന ഘടകങ്ങൾ കൂടി ചേർത്ത് നിർവഹണം നടത്താൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| i) | പ്രോജക്ട് നടപ്പാക്കുന്ന സന്നദ്ധ സംഘടനയായ ഹ്യൂമൻ സൊസൈറ്റി ഇന്റർ നാഷണലിലെ അംഗങ്ങൾക്ക് താമസ സൗകര്യം | 5,000/- രൂപ പ്രതിമാസം അതത് പഞ്ചായത്തിൽ |
| ii) | വാഷിംഗ് മെഷീൻ | 20,000/- രൂപ |
| iii) | ഫ്രിഡ്ജ് | 25,000/ രൂപ |
| iv) | ജനറേറ്റർ | 40,000/- രൂപ |
| v) | വൈദ്യുതി, കുടിവെള്ളം | 10,000/- രൂപ(പ്രതിമാസം) |

**തീരുമാനം :-** അനുമതി നിരസിച്ചു. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം കുടുംബശ്രീ മുഖേനയോ തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ടോ ആണ് ABC പ്രോഗ്രാം നടപ്പാക്കാവുന്നതാണ്.

**നടപടി- 1)തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

## 4.25 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2018-ലെ കത്തും നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.09.2018-ലെ 1(3) -ാം നമ്പർ ഭരണ സമിതി തീരുമാനവും**

***പ്രോ.നം 5/19 അടങ്കൽ 36,72,000/- രൂപ***

***പേര് :- തുറസായ കിണർ ശുചിത്വ കിണറാക്കുക***

തുറസായ കിണർ ശുചിത്വ കിണർ ആക്കുന്നതിന് പ്രോജക്ട് നടപ്പാക്കുന്നുണ്ട്. എന്നാൽ ചില ഗുണഭോക്താക്കളുടെ കിണറിന്റെ മുകൾഭാഗം ഉറപ്പില്ലാത്തതിനാൽ ഇവക്ക് റിംഗ് ഇട്ട് മുകൾഭാഗം സുരക്ഷിതമാക്കണം. അതിനാൽ റിംഗ് ഇടാൻ കൂടി അനുമതി സംബന്ധിച്ച് .

**തീരുമാനം :-** വിശദാംശങ്ങൾ സഹിതം സമർപ്പിക്കണം. പരിഗണിച്ചില്ല.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ഡി ) വകുപ്പ്**

## 4.26കാസർഗോഡ് ജില്ലാ പഞ്ചായത്ത്

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.10.2018-ലെ കത്തും കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 09.10.2018-ലെ D1-2450/18 -ാം നമ്പർ കത്തും.**

***പ്രോ.നം 57/19 അടങ്കൽ 1.00 കോടി രൂപ***

***പേര് :- എരുമക്കയം ചെക്ക് ഡാമിന് മെക്കാനിക്കൽ ഷട്ടർ ഘടിപ്പിക്കൽ***

എരുമക്കയം ചെക്ക് ഡാമിന് മെക്കാനിക്കൽ ഷട്ടർ ഘടിപ്പിക്കാനുള്ള പ്രവൃത്തി മൈനർ ഇറിഗേഷൻ വകുപ്പ മുഖേന ഡെപ്പോസിറ്റ് വർക്കായി ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** സാധാരണഗതിയിൽ ചെക്ക് ഡാമുകൾ ഓവർ ഫ്ലോവിംഗ് ഡാമുകളാണ് മെക്കാനിക്കൽ ഷട്ടർ വയ്ക്കാറില്ല. അതിനാൽ ഡാം നിർമ്മിച്ചതിന്റെ ചെലവ്, നീളം, മെക്കാനിക്കൽ ഷട്ടർ ഘടിപ്പിക്കുന്നതിന്റെ ആവശ്യകത തുടങ്ങിയവയടക്കമുള്ള വിശദാംശങ്ങൾ സഹിതം നൽകണം. പിന്നീട് പരിഗണിക്കും

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ബി ) വകുപ്പ്**

## 4.27 തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2018-ലെ കത്തും പഞ്ചായത്തിന്റെ 30.08.2018-ലെ 157(2)-ാം നമ്പർ ഭരണസമിതി തീരുമാനവും**

***പ്രോ.നം 2/19 ആകെ അടങ്കൽ 1, 52,00,000/- രൂപ***

***പേര് :- ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി***

ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട തുവ്വേന്റെതാഴെ ലീല എന്ന ആൾ അർഹതാ പരിശോധനാ സമയത്ത് മേൽക്കൂരവരെ പൂർത്തിയാക്കി. തറ വിസ്തീർണ്ണം 1100 ചതുരശ്ര അടിയാണ്. തറ വിസ്തീർണ്ണം സർക്കാർ നിർദ്ദേശിച്ചതിലും കൂടുതൽ ആയതിനാലും മേൽക്കൂരവരെ പൂർത്തിയായതിനാലും ധനസഹായം അനുവദിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാകുന്നില്ല. ബാങ്ക് ലോണിന്റേയും നാട്ടുകാരുടേയും സഹായത്തോടെ നിർമ്മാണം നടത്തിയതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച് . അപേക്ഷകയുടെ ഭർത്താവ് ക്യാൻസർ രോഗിയാണെന്നും ഒരു മകൻ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടതാണെന്നും അറിയിച്ചിട്ടുണ്ട്.

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)സി.ഇ.ഒ , ലൈഫ് മിഷൻ**

## 4.28 ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2018 -ലെ കത്തും ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.09.2018-ലെ A2-200/18-ാം നമ്പർ കത്തും.**

***പ്രോ.നം 122/18 അടങ്കൽ 2,00,000/- രൂപ***

***പേര് :- മലക്കപ്പാറ എൻ.സി.യിൽ സ്ട്രീറ്റ് ലൈറ്റ്***

***പ്രോ.നം. 105/18***

***പേര്:- മയിലാടുംപാറ റോഡ് ടാറിംഗ്***

മുകളിൽ പറഞ്ഞ പ്രോജക്ടുകൾ 13-ാം വാർഡിലാണ് നടപ്പാക്കുന്നത്. ഈ വാർഡ് മലക്കപ്പാറ ടാറ്റാ കോഫി ലിമിറ്റഡിന്റെ അധീനതയിലാണ്. എസ്റ്റേറ്റ് മേഖലയിൽ ആയതിനാൽ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** വിശദാംശം സഹിതം സമർപ്പിക്കണം. പരിഗണിച്ചില്ല.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്**

## 4.29 മണിയൂർ ഗ്രാമപഞ്ചായത്ത്

**മണിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.06.2018-ലെ B2 - 8401/18-ാം നമ്പർ കത്ത് ( LSGD - DB3/244/2018-LSGD -SRG 956/18)**

ഫീൽഡ് ലെവൽ അന്വേഷണത്തിനും മറ്റും ഒരു സ്കൂട്ടർ വാങ്ങാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.30 കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

**ബഹു. തിരുവമ്പാടി എം.എൽ.എയുടെ 24.10.2018-ലെ 95/18-ാം നമ്പർ കത്തും കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റിന്റെ 28.03.2018-ലെ A4- 7347/17-ാം നമ്പർ കത്തും**

***പ്രോ.നം. 137/18 അടങ്കൽ 15.00 ലക്ഷം രൂപ***
***(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)***

***പേര്:- തെരുവുവിളക്ക്***

കേരള ഇലക്ട്രിക്കൽ ആന്റ് അലയ്ഡ് എഞ്ചിനീയറിംഗ് കമ്പനിയിൽ നിന്നും (KEL) തെരുവുവിളക്ക് ഉപകരണങ്ങൾ നേരിട്ട് വാങ്ങി വിളക്കുകൾ സ്ഥാപിച്ചു. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് മാത്രമായ ഏജൻസിക്ക് പ്രവൃത്തി ഏൽപ്പിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ പിഴവാണെന്ന് യോഗം നിരീക്ഷിച്ചു. ഇത്തരം അശ്രദ്ധ ഇനി ആവർത്തക്കരുത്. പ്രത്യേക അനുമതി നൽകുന്നു.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.31 മാരാരിക്കുളം ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.09.2018-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2018-ലെ തീരുമാനവും (SRG 847/18)- CC 138/18)

*പ്രോ.നം:- 89/19* *അടങ്കൽ 6,61,000/- രൂപ*

*പേര്:- ഗ്രാമസേവാ കേന്ദ്രം നടത്തിപ്പ്*

പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ 23 വാർഡുകളിലും സേവാഗ്രാം- ഗ്രാമകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ കോഓർഡിനേറ്റർമാരുടെ നിയമനം നേരത്തേ നടത്തിയിരുന്നു. ഈ വർഷം മുതൽ ഇവർക്ക് പ്രതിഫലം നൽകാൻ ഉദ്ദേശിക്കുന്നു. ഇതിന് അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ഇതിന്മേൽ വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ3 ) വകുപ്പ്**

4.32 നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.10.2018-ലെ കത്തും നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.10.2018-ലെ A1-686/18--ാം നമ്പർ കത്തും (SRG/872/18 CC-226/18)

*പ്രോ.നം. 57/19* *അടങ്കൽ 2.00 കോടി രൂപ*

*പേര്:- ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് തുക നൽകൽ*

ലൈഫ് പദ്ധതിയിൽ 114 തോട്ടം തൊഴിലാളികളായ ഗുണഭോക്താക്കളുണ്ട്. നെല്ലിയാമ്പതിയിൽ ഭൂമി ലഭ്യമല്ലാത്തതിനാൽ ഇവരിൽ പലരും സ്ഥലം വാങ്ങിയിരിക്കുന്നത് നെന്മാറ, ഇലവഞ്ചേരി, കൊല്ലംകോട്, മേലാർകോട്, പല്ലശ്ശന തുടങ്ങിയ പഞ്ചായത്തുകളിലാണ്. അതിനാൽ ലൈഫ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക ഈ പഞ്ചായത്തുകളിലേയ്ക്കോ ലൈഫ് മിഷനോ ട്രാൻസ്ഫർ ചെയ്യാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അതത് ഗ്രാമ പഞ്ചായത്തിന് ട്രാൻസ്ഫർ ചെയ്യാൻ അനുമതി നൽകുന്നു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

(യോഗം വൈകിട്ട് 6.00 മണിക്ക് അവസാനിച്ചു)

**അനുബന്ധം**

**യോഗത്തിൽ പങ്കെടുത്തവർ**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3 ഡോ.കെ.എൻ.ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4 സെക്രട്ടറി, പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ് (പ്രതിനിധി)
5 പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് (പ്രതിനിധി)
6 മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
7 സെക്രട്ടറി, എസ്.സി/എസ്.റ്റി വകുപ്പ്
8 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
9 ഡയറക്ടർ, നഗരകാര്യ വകുപ്പ്
10 ഗ്രാമവികസന കമ്മീഷണർ
11 ഡയറക്ടർ, കില
12 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
13 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
14 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം(പ്രതിനിധി)
15 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
16 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
17 ഡയറക്ടർ, എസ്.റ്റി. ഡെവലപ്മെന്റ് (പ്രതിനിധി)
18 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ(പ്രതിനിധി)
19 മിഷൻ, ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എ